പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2317 — 05.12.2018 -ൽ മറുപടിക്ക്.

**കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച അധിക ഭക്ഷ്യവിഹിതം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.കെ. രാജൻ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച അധിക ഭക്ഷ്യവിഹിതത്തിന്റെ വിശദാംശങ്ങൾ നൽകുമോ ; | **(എ)** 89540 മെട്രിക് ടൺ അരിയാണ് പ്രളയ ദുരിതാശ്വാസമായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്. |
| **(ബി)** ഇത്തരത്തിൽ അധിക ധാന്യവിഹിതം അനുവദിച്ചതുമൂലം സംസ്ഥാന സർക്കാരിന് സാമ്പത്തികബാധ്യത ഉണ്ടായിട്ടുണ്ടോ ; | **(ബി)** പ്രളയ ദുരിതാശ്വാസത്തിനായി അനുവദിച്ച അരി നിലവിൽ എഫ്.സി.ഐ-യിൽ നിന്ന് വില ഈടാക്കാതെയാണ് വിട്ടു നല്കിയിട്ടുള്ളതെങ്കിലും ടി അരിയുടെ താങ്ങുവില നിരക്കിലുള്ള തുക സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ദുരിതാശ്വാസനിധിയിൽ നിന്നോ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതമുൾപ്പെടെയുള്ള മറ്റ് പദ്ധതിയിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| **(സി)** പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും അധിക വിഹിതമായി മണ്ണെണ്ണ ലഭിച്ചിട്ടുണ്ടോ ; | **(സി)** പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും 12000 കിലോ ലിറ്റർ നോൺ സബ്സിഡി മണ്ണെണ്ണ അധിക വിഹിതമായി അനുവദിച്ചിട്ടുണ്ട്. |
| **(ഡി)** പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി ലഭിച്ച ധാന്യവിഹിതത്തിന്റെ വിതരണം പൂർത്തികരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | **(ഡി)** ഇല്ല. 2018 ഡിസംബർ മാസത്തോടു കൂടി പ്രസ്തുത ഭക്ഷ്യധാന്യ വിഹിതത്തിന്റെ വിതരണം പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**